"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ (ദേവസ്വം ബി) വകുപ്പ് - മലബാർ ദേവസ്വം ബോർഡിന്റെ കാര്യക്ഷമവും സുഗമവുമായ പ്രവർത്തനത്തിന് 66 എൻടി കേഡർ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ദേവസ്വം ബി) വകുപ്പ്**

സ.ഉ.(കൈ) നം.118/2026/RD തീയതി, തിരുവനന്തപുരം, 10-03-2026

---

പരാമർശം:-

1. സ.ഉ.(കൈ) നം.50/2009/റവ തീയതി 24.01.2009.
2. സ.ഉ.(കൈ) നം.222/2010/റവ തീയതി 08.06.2010.
3. സ.ഉ.(കൈ) നം.322/2019/റവ തീയതി 25.10.2019.
4. സ.ഉ.(കൈ) നം.62/2021/റവ തീയതി 17.02.2021.
5. മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 12.06.2024 - ലെ ജെ1-2783/2024/എം.ഡി.ബി. നമ്പർ കത്ത്.
6. 22.09.2025 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനം.
7. മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 19.02.26 ലെയും 22.02.2026 ലെയും ജെ1-2783/2023/എം.ഡി.ബി. നമ്പർ കത്തുകൾ.

**ഉത്തരവ്**

നിർത്തലാക്കിയ ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിൽ നിലവിലുണ്ടായിരുന്ന 128 തസ്തികകൾ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തസ്തികകളാക്കി മാറ്റുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം, മേല്പറഞ്ഞ 128 തസ്തികകളിൽ തുടരുന്ന ജീവനക്കാർ പിരിഞ്ഞു പോകുന്ന മുറയ്ക്ക് (പെൻഷൻ, രാജി തുടങ്ങിയവ) അവർ വഹിച്ചിരുന്ന സൂപ്പർന്യൂമററി തസ്തികകളുടെ എൻടി കേഡറിൽ ഓരോ തസ്തികയും സ്വമേധയാ ഇല്ലാതാകുന്നതാണ് എന്നും എന്നാൽ സ്വമേധയാ ഇല്ലാതാകുന്ന സൂപ്പർ ന്യൂമററി തസ്തികകളുടെ എൻടി കേഡറിൽ ഉള്ള തസ്തികകളിൽ മലബാർ ദേവസ്വം ബോർഡിന് ആവശ്യമുള്ള പക്ഷം സർക്കാരിന്റെ മുൻകൂർ അനുമതിയോടെ നിയമനം നടത്താവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ക്ലാർക്ക്-15, ഡ്രൈവർ-4, ഗോൾഡ്സ്മിത്ത്-1, വാച്ച്മാൻ-1, എന്നിങ്ങനെ 21 തസ്തികകളും പരാമർശം (4) പ്രകാരം ക്ലാർക്ക്-4, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-1, ഗോൾഡ്സ്മിത്ത്-1 എന്നിങ്ങനെ 6

തസ്തികകളും ഉൾപ്പെടെ ആകെ 27 തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു.

2. മലബാർ ദേവസ്വം ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് HR & CE വകുപ്പിൽ ജീവനക്കാർ പെൻഷൻ പറ്റി പിരിഞ്ഞതുമൂലം ഉണ്ടായിട്ടുള്ള 64 ഒഴിവുകളിൽ തസ്തികകൾ അനുവദിക്കുന്നതിന് ദേവസ്വം ബോർഡ് കമ്മീഷണർ പരാമർശം (5) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം ചേർന്ന ഉന്നതതല യോഗത്തിൽ പ്രസ്തുത കാലയളവ് വരെയുള്ള ഒഴിവുകൾ കൂടി കണക്കിലെടുക്കുകയും സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരുന്നില്ലെങ്കിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റന്റഡന്റ്/ വാച്ച്മാൻ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഗോൾഡ് സ്മിത്ത് എന്നീ കാറ്റഗറികളിലായി ആകെ 66 തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതിന് തീരുമാനിക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബോർഡിന്റെ കാര്യക്ഷമവും സുഗമവുമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാകയാൽ പുതിയതായി തസ്തിക സൃഷ്ടിക്കുന്നത് വഴി ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ബോർഡ് തന്നെ വഹിക്കേണ്ടതാണെന്നും ഈ ഇനത്തിൽ സർക്കാർ യാതൊരു വിധ അധിക ധന സഹായവും അനുവദിക്കുന്നതല്ല എന്ന നിബന്ധനയിൽ മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനത്തിനായി ബോർഡ് ആവശ്യപ്പെട്ട പ്രകാരമുള്ള 66 എൻട്രി കേഡർ തസ്തികകൾ താഴെപ്പറയും പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **തസ്തിക** | **എണ്ണം** |
|---|---|
| ക്ലാർക്ക് | 26 |
| ടൈപ്പിസ്റ്റ് | 8 |
| ഓഫീസ് അറ്റന്റഡന്റ് / വാച്ച്മാൻ | 27 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 4 |
| ഗോൾഡ് സ്മിത്ത് | 1 |
| **ആകെ** | **66** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്, ഹൗസ് ഫെഡ് കോംപ്ലക്സ്,
എരഞ്ഞിപ്പാലം പി.ഒ., കോഴിക്കോട് - 673 006.
ധനകാര്യ (വ്യയം ഡി) വകുപ്പ് [Exp-D4/122/2025-FIN dated 13/01/2026]
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ് ) കേരളം, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്.
പൊതുഭരണ (എസ്.സി.) വകുപ്പ്(ഇനം നമ്പർ 3787 )
ഐ & പിആർഡി വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 10-03-2026 20:57:50
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-03-2026

ഫയൽ നം. DEV-B1/148/2023/REV. ഇനം നം: 3787

വിഷയം : റവന്യൂ (ദേവസ്വം) വകുപ്പ് - മലബാർ ദേവസ്വം ബോർഡിന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (2) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്.

"ഭരണഭാഷ- മാതൃഭാഷ"

| കേരള സർക്കാർ<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1. | ഫയൽനമ്പർ | DEV-B1/148/2023-REV |
| 2. | വകുപ്പ് | റവന്യൂ (ദേവസ്വം - ബി) വകുപ്പ് |
| 3. | വിഷയം | മലബാർ ദേവസ്വം ബോർഡിന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തന ത്തിന് തസ്തികകൾ സൃഷ്ടിക്കുന്നത്- സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 31/01/2026 & 14.02.2026 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ള താണോ? | സർക്കാരിന് നേരിട്ട് സാമ്പത്തിക ബാധ്യത ഇല്ല. അധിക ബാധ്യത മലബാർ ദേവസ്വം ബോർഡ് വഹിക്കുന്നതാണ്. |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. റ്റി. ആർ. ജയപാൽ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. എം. ജി. രാജമാണിക്കം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | |

| | | |
|---|---|---|
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. വി.എൻ. വാസവൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## <u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

മലബാർ ദേവസ്വം ബോർഡിന്റെകാര്യക്ഷമവും സുഗമവുമായ പ്രവർത്തനത്തിന് തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2)നിർത്തലാക്കിയ ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിൽ നിലവിലുണ്ടായിരുന്ന 1 2 8 തസ്തികകൾ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തസ്തികകളാക്കി മാറ്റുന്നതിന് 24-01-2009 തീയതിയിലെ G.O.(Ms) No.50/2009/Rev നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. തുടർന്ന് 08-6-2010 തീയതിയിലെ G.O.(Ms) No.222/2010/RD നമ്പർ ഉത്തരവ് പ്രകാരം, മേല്പറഞ്ഞ 1 2 8 തസ്തികകളിൽ തുടരുന്ന ജീവനക്കാർ പിരിഞ്ഞു പോകുന്ന മുറക്ക് (പെൻഷൻ, രാജി തുടങ്ങിയവ) അവർ വഹിച്ചിരുന്ന സൂപ്പർന്യൂമററി തസ്തികകളുടെ എൻട്രി കേഡറിൽ ഓരോ തസ്തികയും സ്വമേധയാ ഇല്ലാതാകുന്നതാണ് എന്നും എന്നാൽ സ്വമേധയാ ഇല്ലാതാകുന്ന സൂപ്പർ ന്യൂമററി തസ്തികകളുടെ എൻട്രി കേഡറിൽ ഉള്ള തസ്തികകളിൽ മലബാർ ദേവസ്വം ബോർഡിന് ആവശ്യമുള്ള പക്ഷം സർക്കാരിന്റെ മുൻകൂർ അനുമതിയോടെ നിയമനം നടത്താവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം മുൻകാലങ്ങളിൽ കമ്മീഷണർ സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് 25-10-2019 തീയതിയിലെ G.O.(MS) No.322/2019/Rev നമ്പർ ഉത്തരവ് പ്രകാരം Clerk-15, Driver-4, Goldsmith-1,, Watchman-1, എന്നിങ്ങനെ 2 1 തസ്തികകളും 17-02-2021 തീയതിയിലെ G.O.(MS) No.62/2021/Rev നമ്പർ ഉത്തരവ് പ്രകാരം Clerk-4, C.A-1, , Goldsmith-1, എന്നിങ്ങനെ 6 തസ്തികകളും ഉൾപ്പെടെ ആകെ 2 7 തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി

നൽകി ഉത്തരവായിരുന്നു.

3)HR & CE വകുപ്പിൽ ജീവനക്കാർ പെൻഷൻ പറ്റി പിരിഞ്ഞതുമൂലം ഉണ്ടായിട്ടുള്ള 64 ഒഴിവുകളിൽ മലബാർ ദേവസ്വം ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് താഴെ പറയും പ്രകാരം തസ്തികകൾ അനുവദിക്കുന്നതിന് ദേവസ്വം ബോർഡ് കമ്മീഷണർ 12.06.2024- ന് ശിപാർശ സമർപ്പിച്ചിരുന്നു.

| ക്രമ നം. | തസ്തിക | അനുവദിക്കേണ്ട തസ്തികകളുടെ എണ്ണം |
|---|---|---|
| 1. | ക്ലാർക്ക് | 26 |
| 2. | ടൈപ്പിസ്റ്റ് | 8 |
| 3. | ഓഫീസ് അറ്റന്റഡന്റ് / വാച്ച്മാൻ | 25 |
| 4. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 4 |
| 5. | ഗോൾഡ് സ്മിത്ത് | 1 |
| | ആകെ | 64 |

4)മേൽ 64 തസ്തികകൾ ബോർഡിന് അനുവദിക്കുന്നതിനുള്ള ശിപാർശ ധനവകുപ്പിന്റെ പരിഗണനക്ക് സമർപ്പിച്ചപ്പോൾ പ്രസ്തുത ആവശ്യം തൽക്കാലം defer ചെയ്യാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നു.

5) മേൽ പരാമർശിച്ച വസ്തുതകൾ കണക്കിലെടുത്ത് HR&CE വകുപ്പിലെ ജീവനക്കാർ പെൻഷൻ പറ്റി പിരിഞ്ഞതുമൂലം ഉണ്ടായിട്ടുള്ള 66 ഒഴിവുകൾ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 66 തസ്തികകളാക്കി മാറ്റുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 22.09.2025 - ൽ യോഗം ചേരുകയുണ്ടായി. യോഗത്തിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുന്നില്ലെങ്കിൽ തസ്തികകൾ മലബാർ ദേവസ്വം ബോർഡിന് അനുവദിക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പിന് എതിർപ്പില്ലെന്ന നിലപാട് ബഹു. ധനകാര്യ വകുപ്പ് മന്ത്രി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതിന് തീരുമാനിക്കുകയുണ്ടായി.

6 ടി ഉന്നതതല യോഗത്തിലെ തീരുമാനപ്രകാരം പ്രസ്തുത കാലയളവ് വരെയുള്ള ഒഴിവുകൾ കൂടി കണക്കിലെടുക്കുകയും താഴെ പറയുന്ന 66 തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനകാര്യ

വകുപ്പിനെ സമീപിക്കുകയും ചെയ്യും.

| ക്രമ നം. | തസ്തിക | അനുവദിക്കേണ്ട തസ്തികകളുടെ എണ്ണം |
|---|---|---|
| 1. | ക്ലാർക്ക് | 26 |
| 2. | ടൈപ്പിസ്റ്റ് | 8 |
| 3. | ഓഫീസ് അറ്റന്റഡന്റ് / വാച്ച്മാൻ | 27 |
| 4. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 4 |
| 5. | ഗോൾഡ് സ്മിത്ത് | 1 |
| | ആകെ | 66 |

7) മേൽ ശിപാർശ ചെയ്തിട്ടുള്ള തസ്തികകളുടെ ശമ്പള സ്കെയിൽ, സാമ്പത്തിക ബാധ്യത, തസ്തികകളുടെ പ്രവർത്തനപരമായ ന്യായീകരണം, ഫണ്ടിന്റെ ഉറവിടം, തസ്തികകളുടെ സ്വഭാവം, എന്നിവ ചുവടെ ചേർക്കുന്നു:-

1) തസ്തികകളുടെ ശമ്പളസ്കെയിൽ - സാമ്പത്തിക ബാധ്യത

| ക്രമ നമ്പർ | തസ്തിക | എണ്ണം | ശമ്പളസ്കെയിൽ | അടിസ്ഥാന ശമ്പളം | അലവൻസുകൾ ഉൾപ്പെടെ ആകെ | പ്രതിവർഷ ചെലവ് |
|---|---|---|---|---|---|---|
| 1 | ക്ലാർക്ക് | 26 | 26500-60700 | 26500 | 35,775 | 1,11,61,800/- |
| 2 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 4 | 27900-63700 | 27900 | 37,665 | 18,07,920/- |
| 3 | ടൈപ്പിസ്റ്റ് | 8 | 26500-60700 | 26500 | 35,775 | 34,34,400/- |
| 4 | ഓഫീസ് അറ്റന്റന്റ് | 27 | 23000-50200 | 23000 | 31,050 | 1,00,60,200/- |
| 5 | ഗോൾഡ്സ്മിത്ത് | 1 | 25100-57900 | 25100 | 33,885 | 4,06,620/- |
| | **ആകെ** | **66** | | | | **2,68,70,940/-** |

2026 - 27 സാമ്പത്തിക വർഷം 2250-00-102-99 എന്ന ശീർഷകത്തിൽ ശമ്പളവും മറ്റ് അലവൻസുകളും ഉൾപ്പെടെ ആകെ 5,20,97,000/- രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇത് നിർത്തലാക്കപ്പെട്ട ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിലെ പ്രത്യേക വാനിഷിംഗ് കാറ്റഗറിയായി പ്രഖ്യാപിക്കപ്പെട്ട ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകൾക്കും വേണ്ടി മാത്രമായി വകയിരുത്തിയിട്ടുള്ളതാണ്. 2025 - 26 സാമ്പത്തിക വർഷം 2250-00-102-99 എന്ന ശീർഷകത്തിൽ നിർത്തലാക്കപ്പെട്ട ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിലെ പ്രത്യേക വാനീഷിംഗ് കാറ്റഗറിയായി പ്രഖ്യാപിക്കപ്പെട്ട ജീവനക്കാരുടെ ശമ്പള ചെലവിലേക്കായി അലവൻസുകൾ ഉൾപ്പെടെ ആകെ 3,83,24,000/- (മൂന്ന് കോടി എൺപത്തി മൂന്ന് ലക്ഷത്തി ഇരുപത്തി നാലായിരം രൂപ മാത്രം) രൂപ വകയിരുത്തിയിട്ടുണ്ട്. ഏകദേശം അത്രയും തന്നെ തുക 2025 - 26 - ൽ ജീവനക്കാരുടെ ശമ്പളയിനത്തിൽ ചിലവായിട്ടുണ്ട്.

## 2. തസ്തികകളുടെ പ്രവർത്തനപരമായ ന്യായീകരണം

ഹിന്ദുമത ധർമ്മസ്ഥാപന ഭരണ വകുപ്പ് നിലവിലുണ്ടായിരുന്നപ്പോൾ 128 തസ്തികകൾ ഉണ്ടായിരുന്നു. നിലവിൽ മലബാർ ദേവസ്വം ബോർഡിന് 28 അംഗീകൃത തസ്തികകൾ മാത്രമാണുള്ളത്. മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന 1403 ക്ഷേത്രങ്ങളുടെ ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, 7500 ൽപരം ക്ഷേത്ര ജീവനക്കാരുടെ സേവന വേതന വിഷയങ്ങൾ, ക്ഷേത്രങ്ങളുടെ മരാമത്ത്- ജീർണ്ണോദ്ധാരണസംബന്ധമായ വിഷയങ്ങൾ, ക്ഷേത്രഭൂമി കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട വ്യാപകമായ പരാതികൾ, ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള സ്വർണ്ണം, വെള്ളി വസ്തുവഹകളുടെ മൂല്യനിർണ്ണയം, ഇന്റേണൽ വിജിലൻസ് സംവിധാനം കാര്യക്ഷമമാക്കൽ, ക്ഷേത്രങ്ങളുടെ വരവ് ചെലവ് അസ്സസ്സ് ചെയ്ത് അംശാദായം കണക്കാക്കി ക്ഷേത്രങ്ങളിൽ നിന്നും അംശാദായം പിരിച്ചെടുക്കൽ എന്നിങ്ങനെ ഒട്ടനവധി വിഷയങ്ങൾ സമയബന്ധിതമായി കൈകാര്യം ചെയ്യുന്നതിന് മതിയായ ഉദ്യോഗസ്ഥ സംവിധാനം ആവശ്യമാണ്.

## 3. ഫണ്ടിന്റെ ഉറവിടം

നിർത്തലാക്കപ്പെട്ട ഹിന്ദു മത ധർമ്മസ്ഥാപന (ഭരണ) വകുപ്പിൽ നിന്നും ഇല്ലാതെയായ 66 തസ്തികകളിൽ മേൽ തസ്തികകളുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്തും, ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിനുമായി സർക്കാർ അനുമതിയോടെ ഡെപ്യൂട്ടേഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുതലായ താൽക്കാലിക സംവിധാനത്തിലൂടെ ജീവനക്കാർ സേവനമനുഷ്ഠിച്ച് വരുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന് ക്ലാർക്ക് ഉൾപ്പെടെയുള്ള അടിസ്ഥാന തസ്തികകൾ അനുവദിക്കുന്നതോടെ ഡെപ്യൂട്ടേഷൻ വഴിയും മറ്റ് താൽക്കാലികാടിസ്ഥാനത്തിലുമുള്ള നിയമനങ്ങൾ അവസാനിപ്പിക്കാൻ കഴിയുന്നതാണ്. ഇപ്രകാരം നിലവിൽ ശമ്പളത്തിനായി വകയിരുത്തിയിട്ടുള്ള സംഖ്യ ഉപയോഗിച്ച് തന്നെ പുതിയ തസ്തികകളുടെ സാമ്പത്തിക ബാധ്യത ക്രമീകരിക്കാൻ കഴിയുന്നതാണ്. നിലവിൽ അനുവദിക്കുന്ന ഗ്രാന്റിന് പുറമെ ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ബാധ്യത ഉണ്ടാകുന്നപക്ഷം ആയത് ബോർഡ് ഏറ്റെടുക്കുന്നതാണ്. അതിനാൽ 66 പുതിയ തസ്തികകൾ അനുവദിക്കുന്നതിലൂടെ ബോർഡിന് യാതൊരു വിധ അധിക സാമ്പത്തിക ബാധ്യതയും ഉണ്ടാകുന്നില്ല.

## 4 തസ്തികകളുടെ സ്വഭാവം

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 1403 ക്ഷേത്രങ്ങളുടെ ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ സംബന്ധമായ ജോലികൾ നിർവഹിക്കുന്നതിന് ഹെഡ്ക്വാർട്ടറും, 7 സബ് ഓഫീസുകളും അടക്കം 8 ഓഫീസുകളിലും നിലവിൽ ശിപാർശ ചെയ്തിട്ടുള്ള ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റന്റന്റ് എന്നീ മിനിസ്റ്റീരിയൽ തസ്തികകൾ അത്യന്താപേക്ഷിതമാണ്. കൂടാതെ, ക്ഷേത്രങ്ങളിലെ സ്വർണ്ണം, വെള്ളി തുടങ്ങിയ അമൂല്യ വസ്തുക്കളുടെ മൂല്യനിർണ്ണയത്തിന് ഗോൾഡ്സ്മിത്ത് തസ്തിക ആവശ്യമാണ്. 128 തസ്തികകൾ ഹിന്ദുമത ധർമ സ്ഥാപന (ഭരണ) വകുപ്പിൽ സ്ഥിരം തസ്തികകളായാണ് നിലനിന്നിരുന്നത്. ഹിന്ദുമത ധർമ സ്ഥാപന (ഭരണ) വകുപ്പ് നിർത്തലാക്കി മലബാർ ദേവസ്വം ബോർഡിലേക്ക് പ്രസ്തുത തസ്തികകൾ മാറ്റിയപ്പോൾ അവ super numerary തസ്തികകൾ ആവുകയാണ് ഉണ്ടായത്. ഇപ്പോൾ പുതിയതായി സൃഷ്ടിക്കുന്ന തസ്തികകൾ ബോർഡിൽ നിലവിലുള്ള സ്ഥിരം തസ്തികകൾക്ക് ഉപരിയായുള്ള സ്ഥിരം തസ്തികകളായി മാറുകയും ടി തസ്തികകളിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ബോർഡിലെ സർവീസ് ചട്ടങ്ങളും, വ്യവസ്ഥകളും ബാധകമായിരിക്കുകയും ചെയ്യും.

8) മലബാർ ദേവസ്വം ബോർഡിന് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിൽ പ്രസ്തുത വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

*"പുതിയതായി തസ്തിക സൃഷ്ടിക്കുന്നത് വഴി ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ബോർഡ് തന്നെ വഹിക്കേണ്ടതാണെന്നും ഈ ഇനത്തിൽ സർക്കാർ യാതൊരു വിധ അധിക ധന സഹായവും അനുവദിക്കുന്നതല്ല എന്ന നിബന്ധനയിൽ മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനത്തിനായി താഴെ പറയുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു.*

| **തസ്തിക** | **എണ്ണം** |
|---|---|
| ക്ലാർക്ക് | 10 |
| ടൈപ്പിസ്റ്റ് | 2 |
| ഓഫീസ് അറ്റന്റഡന്റ് / വാച്ച്മാൻ | 2 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 2 |
| ഗോൾഡ് സ്മിത്ത് | 1 |
| **ആകെ** | **17** |

9) മേൽ സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ മലബാർ ദേവസ്വം ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിനായി തസ്തികകൾ സൃഷ്ടിക്കുന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

10) നിലവിൽ 17 തസ്തികകൾ മാത്രം സൃഷ്ടിക്കുന്നതിനാണ് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ മലബാർ ദേവസ്വം ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് ക്ലാർക്ക് - 26, ടൈപ്പിസ്റ്റ് - 8, ഓഫീസ് അറ്റന്റന്റ്/വാച്ച്മാൻ - 27, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്- 4, ഗോൾഡ് സ്മിത്ത് - 1 എന്നിങ്ങനെ ആകെ 66 തസ്തികകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്ന് ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിൽ ബോർഡ് ആവശ്യപ്പെട്ടിരുന്നു. മേൽ സാഹചര്യത്തിൽ HR & CE വകുപ്പിൽ ജീവനക്കാർ പെൻഷൻ പറ്റി പിരിഞ്ഞതുമൂലം ഉണ്ടായിട്ടുള്ള ഒഴിവുകളിൽ മലബാർ ദേവസ്വം ബോർഡിന് ആവശ്യമായ തസ്തികകൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ നിയമനം നടത്താവുന്നതാണെന്ന് 08-06-2010 —ലെ സ.ഉ.(കൈ) നം. 222/2010/RD ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ, പുതിയതായി തസ്തിക സൃഷ്ടിക്കുന്നത് വഴി ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ബോർഡ് തന്നെ വഹിക്കേണ്ടതാണെന്നും ഈ ഇനത്തിൽ സർക്കാർ യാതൊരു വിധ അധിക ധനസഹായവും അനുവദിക്കുന്നതല്ല എന്നുമുള്ള നിബന്ധനയിൽ മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനത്തിനായി ബോർഡ് ആവശ്യപ്പെട്ട പ്രകാരമുള്ള 66 തസ്തികകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കേണ്ടത് ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായി കാണുന്നു. ആയതിനാൽ മലബാർ ദേവസ്വം ബോർഡ് ആവശ്യപ്പെട്ട പ്രകാരമുള്ള 66 തസ്തികകൾ അനുവദിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണോ എന്നതിന് ഉത്തരവിനായി ഫയൽ വീണ്ടും ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിനായി സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

1) പുതിയതായി തസ്തിക സൃഷ്ടിക്കുന്നത് വഴി ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ബോർഡ് തന്നെ വഹിക്കേണ്ടതാണെന്നും ഈ ഇനത്തിൽ സർക്കാർ യാതൊരു വിധ അധിക ധന സഹായവും അനുവദിക്കുന്നതല്ല എന്ന നിബന്ധനയിൽ ധനകാര്യ വകുപ്പ് അനുമതി നൽകിയ

പ്രകാരം മലബാർ ദേവസ്വം ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിനായി ക്ലാർക്ക്- 10, ടൈപ്പിസ്റ്റ് - 2, ഓഫീസ് അറ്റന്റന്റ്/വാച്ച്മാൻ - 2, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്- 2, ഗോൾഡ്സ്മിത്ത് - 1 എന്നിങ്ങനെ ആകെ 17 തസ്തികകൾ അനുവദിച്ച് ഉത്തരവാകാമോ ?

അതോ

2) ബോർഡിന്റെ കാര്യക്ഷമവും സുഗമവുമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാകയാൽ പുതിയതായി തസ്തിക സൃഷ്ടിക്കുന്നത് വഴി ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ബോർഡ് തന്നെ വഹിക്കേണ്ടതാണെന്നും ഈ ഇനത്തിൽ സർക്കാർ യാതൊരു വിധ അധിക ധന സഹായവും അനുവദിക്കുന്നതല്ല എന്ന നിബന്ധനയിൽ മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനത്തിനായി ബോർഡ് ആവശ്യപ്പെട്ട പ്രകാരമുള്ള ക്ലാർക്ക് - 26, ടൈപ്പിസ്റ്റ് - 8, ഓഫീസ് അറ്റന്റന്റ്/വാച്ച്മാൻ - 27, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്- 4, ഗോൾ ഡ്സ്മിത്ത് - 1 എന്നിങ്ങനെ ആകെ 66 തസ്തികകൾ ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്നു കൊണ്ട് അനുവദിച്ച് ഉത്തരവാകാമോ ?

**#ApprovedByName#**

**#ApprovedByDesignation#**

| GOVERNMENT OF KERALA<br>(SHRI. PINARAYI VIJAYAN MINISTRY)<br>NOTE FOR THE COUNCIL OF MEMBERS | | |
|---|---|---|
| 1. | File Number | DEV-B1/148/2023-REV |
| 2. | Department | Revenue (Devaswom-B) Department |
| 3. | Subject | Post creation required for the efficient & smooth functioning of Malabar Devaswom Board |
| 4. | Date of Chief Minister order for placing before the Council | 31.01.2026 & 14.02.2026 |
| 5. | (i)Does the case involve financial commitments/implications | The Government has no direct financial commitment. Additional financial commitment will be borne by the Malabar Devaswom Board |
| | (ii)If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | Yes. |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | No |
| 7. | Name of Additional Secretary who | Sri. T.R. Jayapal |

| | | |
|---|---|---|
| | submitted the Draft Note | |
| 8. | Name of Secretary who approved the Draft Note | Sri. M.G. Rajamanickam IAS |
| 9. | Date of Approval of the Draft Note for the Council by the Secretary | |
| 10. | Name of Chief Secretary who approved the Draft Note | Dr. A. Jayathilak IAS |
| 11. | Date of approval of the Draft Note for the Council by the Chief Secretary | |
| 12. | Name of Minister who approved the Draft Note | Sri.V.N.Vasavan |
| 13. | Date of approval of the Draft Note for the Council by the Minister | |
| 14. | Date of submission of fair copies | |
| 15. | Date of decision by the Council of Ministers | |
| 16. | Number and Date of the G.O./ letter communicating the decision. | |

## NOTE FOR THE COUNCIL OF MINISTERS

This note relates to the post creation for the efficient and smooth functioning of Malabar Devaswom Board.

2. As per G.O.(Ms)No.50/2009/Rev dated 24-01-2009, sanction was accorded to convert 128 posts of abolished Hindu Religious and Charitable Endowments (HR&CE) Administration Department as the posts of Malabar Devaswom Board. Subsequently, as per Order G.O.(Ms)No.222/2010/RD dated 08-06-2010, it was stipulated that when the employees in the above

128 posts vacate their positions (via superanuation, resignation, etc.), each corresponding entry-cadre supernumerary post would automatically be abolished and if the Malabar Devaswom Board requires posts in the entry cadre of these abolished supernumerary positions, appointments may be made with the prior sanction of Government. Accordingly, on the basis of the proposals submitted by the Commissioner, Malabar Devaswom Board, as per G.O.(MS)No.322/2019/Rev dated 25-10-2019, 21 posts such as clerk-15, Driver-4, Goldsmith-1, Watchman-1 were created and again as per G.O.(MS)No.62/2021/Rev dated 17-02-2021, 6 posts such as clerk-4, Confidential Assistant-1, Goldsmith-1 were created.

3. In order to ensure the smooth functioning of the Board, the Commissioner, Malabar Devaswom Board submitted a proposal on 12.06.2024 to sanction the following 64 posts, against the vacancies arisen due to the retirement of employees in HR & CE Department.

| Sl. No. | Post | No. of Post to be created |
|---|---|---|
| 1. | Clerk | 26 |
| 2. | Typist | 8 |
| 3. | Office Attendant/ Watchman | 25 |
| 4. | Confidential Assistant | 4 |
| 5. | Goldsmith | 1 |
| | Total | 64 |

4. The above proposal for sanctioning the 64 posts in Malabar Devaswom Board was forwarded to Finance Department and that Department suggested to defer the matter for the time being.

5 . Considering the above facts, a meeting was convened under the Chairmanship of the Hon’ble Chief Minister on 22.09.2025 to discuss the

sanctioning of 66 posts in Malabar Devaswom Board against the existing 66 vacancies arisen out of the superanuation of the employees in HR&CE Department. In the meeting it was decided to take further steps to sanction additional posts in Malabar Devaswom Board considering the opinion made by the Hon' ble Minister for Finance that the Finance Department has no objection in this matter, provided that the post creation will not result in additional financial burden on the Government.

6. As per the decision taken in the said high level meeting, total number of vacancies existed up to that period were considered and Finance Department was approached for the creation of the following 66 posts.

| Sl. No. | Post | No. of Post to be created |
|---|---|---|
| 1. | Clerk | 26 |
| 2. | Typist | 8 |
| 3. | Office Attendant/ Watchman | 27 |
| 4. | Confidential Assistant | 4 |
| 5. | Goldsmith | 1 |
| | Total | 66 |

7) The pay scale, financial liability, operational justification of the posts, source of fund and nature of the posts recommended above are described below:-

1. Scale of pay of posts - Financial liability

| SL.No. | Post | No.of Posts | Scale of Pay | Basic Salary | Total including allowances | Annual cost |
|---|---|---|---|---|---|---|
| 1 | Clerk | 26 | 26500-60700 | 26500 | 35,775 | 1,11,61,800/- |
| | Confidential | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 2 | Assistant | 4 | 27900-63700 | 27900 | 37,665 | 18,07,920/- |
| 3 | Typist | 8 | 26500-60700 | 26500 | 35,775 | 34,34,400/- |
| 4 | Office Attendant | 27 | 23000-50200 | 23000 | 31,050 | 1,00,60,200/- |
| 5 | Goldsmith | 1 | 25100-57900 | 25100 | 33,885 | 4,06,620/- |
| | **Total** | **66** | | | | **2,68,70,940/-** |

For the Financial year 2026–27, total amount of Rs. 5,20,97,000/- (Rupees Five Crore Twenty Lakh Ninety-Seven Thousand only) has been earmarked in the Budget under the salary Head of Account 2250-00-102-99 to meet the expenditure in connection with the salary and other allowances. This allocation is exclusively for meeting the salary expenditure of employees declared as Special Vanishing Category in the abolished Hindu Religious and Charitable Endowments (Administration) Department. For the Financial year 2025–26, under the Head of Account 2250-00-102-99, total amount of Rs. 3,83,24,000/- (Rupees Three Crore Eighty-Three Lakh Twenty-Four Thousand only),has been earmarked towards the salary expenditure of employees and approximately the same amount was expended towards salary during the year 2025–26.

2. Functional justification of Posts

When Hindu Religious Institutions Administration Department was in existence, there were a total of 128 posts. Currently, the Malabar Devaswom Board has only 28 approved posts. In order to manage the administration of 1,403 temples including the service related matters of over 7,500 employees, the maintenance and renovation of temple structures, land related issues, valuation of gold and silver in possession of the temples, strengthening of

the internal vigilance wing and the assessment of the income and expenditure of temples to collect the "Amshadayam", necessary staff strength is esssential.

3.Source of fund

By creating basic posts including clerk to the Malabar Devaswom Board, appointments through deputation, temporary appointments etc. will be able to be avoided. Hence the financial liability of the newly created posts will be adjusted with in the amount currently allocated under the salary head. Any other amount required in addition to the grant will be borne by the Board. Therefore, by sanctioning 66 new posts, no additional financial liability will be incurred.

4. Nature of Posts

The proposed posts of Clerk, Confidential Assistant, Typist and Office Attendant in the Head Quarter of Malabar Devaswom Board and its 7 sub offices (total-8) are very much essential for handling the files related to 1403 temples under the jurisdiction of Malabar Devaswom Board. Apart from this, one post of Gold smith is essential for the valuation of gold and silver in the possession of temples. The 128 posts in the Hindu Religious and Charitable Endowments (Administration) Department were permanent posts. When the HR&CE Department was abolished and the above posts were transferred to Malabar Devaswom Board, these posts were converted as supernumerary posts. Currently, newly proposed posts will be created as permanent posts in addition to the permanent posts already existing in Malabar Devaswom Board and the employees appointed to such posts shall be governed by the service rules and conditions of the Board.

8) When the matter was consulted with Finance Department, that

Department has remarked as follows:

"പുതിയതായി തസ്തിക സൃഷ്ടിക്കുന്നത് വഴി ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ബോർഡ് തന്നെ വഹിക്കേണ്ടതാണെന്നും ഈ ഇനത്തിൽ സർക്കാർ യാതൊരു വിധ അധിക ധന സഹായവും അനുവദിക്കുന്നതല്ല എന്ന നിബന്ധനയിൽ മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനത്തിനായി താഴെ പറയുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു.

| **തസ്തിക** | **എണ്ണം** |
|---|---|
| ക്ലാർക്ക് | 10 |
| ടൈപ്പിസ്റ്റ് | 2 |
| ഓഫീസ് അറ്റൻ്റഡന്റ് / വാച്ച്മാൻ | 2 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 2 |
| ഗോൾഡ് സ്മിത്ത് | 1 |
| **ആകെ** | **17** |

9) When the file was circulated to the Hon' ble Chief Minister, on the basis of the concurrence of the Finance Department, for orders on the sanctioning of posts in Malabar Devaswom Board for the smooth and efficient functioning of the Board, the Hon'ble Chief Minister ordered to place the matter before the Council of Ministers.

10) Finance Department has agreed to sanction only 17 posts in Malabar Devaswom Board. But in the meeting by Hon'ble Chief Minister, Commissioner, Malabar Devaswom Board raised the demand for the creation of a total number of 66 posts including Clerk – 26, Typist – 8, Office Attendant/Watchman – 27, Confidential Assistant – 4, and Goldsmith – 1 as essential in Malabar devaswom Board. In the above circumstances, as stipulated in G.O.(Ms) No. 222/2010/RD dated 08-06-2010 that essential appointments to the required positions may be made by the Malabar Devaswom Board with the prior approval of the Government against the vacancies that have arisen in the HR & CE Department due to the retirement

o f employees on superanuation, and subject to the condition that the additional financial liability arising out of the creation of new posts shall be borne by the Board itself and that the Government will not grant any additional financial assistance under this head, the demand for sanctioning the 66 posts in the Board is found very essential for its smooth functioning.

Therefore file was again circulated to Hon'ble Chief Minister for orders as to whether the matter of sanctioning 66 posts of Malabar Devaswom Board may be placed before the Council of Ministers, the Hon'ble Chief Minister has ordered to place the matter before the Council of Ministers.

**POINT FOR DECISION**

1) Whether a total number of 17 posts comprising Clerk-10, Typist-2, Office Attendant/Watchman-2, Confidential Assistant-2, and Goldsmith-1, may be created on the basis of the approval of Finance Department, for the smooth functioning of the Malabar Devaswom Board subject to the condition that the additional financial liability arising out of the creation of new posts shall be borne by the Board itself and that the Government will not grant any additional financial assistance for the same?

OR

2) As it is found highly essential for the efficient & smooth functioning of the Board, whether a total number of 66 posts as requested by the Malabar Devaswom Board namely: Clerk – 26, Typist – 8, Office Attendant/Watchman – 27, Confidential Assistant – 4, and Goldsmith – 1 may be created overcoming the opinion of Finance Department subject to the condition that the additional financial liability arising out of this shall be borne by the Board itself and that the Government will not grant any additional financial assistance for the same ?

#ApprovedByName#

#ApprovedByDesignation#